(ഇ) ഈ നിയമനങ്ങളുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഫയലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി&ഇ)ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി ജൂനിയർ കൺസൾട്ടന്റ് തസ്തിക കൺസൾട്ടന്റ് തസ്തികയാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച്

211 (3238) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് -II തസ്തികയുടെ 11 ഒഴിവുകളും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 16 ഒഴിവുകളും നിലവിലുണ്ട്.

(ബി) പി.എസ്.സി. വഴിയല്ലാതെ കോൺട്രാക്ട്, ദിവസവേതന അടിസ്ഥാനത്തിൽ എത്ര ജീവനക്കാരാണ് പ്രസ്തുത തസ്തികയിൽ ജോലി നോക്കിവരുന്നതെന്ന് ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

അനുവദിക്കപ്പെട്ട ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 5 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.

(സി) പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിനുകീഴിലും സംസ്ഥാന തലത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുമുള്ള ഫാർമസിസ്റ്റ് ഗ്രേഡ് - II തസ്തികയുടെ എല്ലാ ഒഴിവുകളും പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം

212 (3239) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ ഡെന്റൽ ഹൈജീനിസ്റ്റുകളെ ബോധവത്കരണരംഗത്ത് കാര്യക്ഷമമാക്കുവാൻ ജില്ലാ തലത്തിൽ ഡെന്റൽ ഹെൽത്ത് കോ-ഓർഡിനേറ്റർ തസ്തിക സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly